(സി) പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നുമാണ് നിധിയിലേക്ക് പണം സമാഹരിക്കുന്നത്. ഈ സംഭാവനയോടൊപ്പം സർക്കാർ സംഭാവനയും ലഭിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേയ്ക്ക് ബഡ്ജറ്റിലൂടെ 730,10,00,000 (എഴുന്നൂറ്റി മുപ്പത് കോടി പത്ത് ലക്ഷം രൂപ മാത്രം) ലഭിച്ചു. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

വർഷം	തുക
2011-12 (18-5-11-31-3-12)	55,10,00,000
2012-13	70,00,00,000
2013-14	130,00,00,000
2014-15	165,00,00,000
2015-16	310,00,00,000
ആകെ	730,10,00,000

(ഇ)ബഡ്ജറ്റ് വിഹിതമല്ലാതെ പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സമാഹരിക്കാനായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

വർഷം	തുക
2011-12 (18-5-11-31-3-12)	3,35,03,788
2012-13	4,64,45,081
2013-14	3,41,75,205
2014-15	52,07,459
2015-16 (upto 31.1.16)	70,92,126

ഒഫിഷ്യൽ കറസ്പോണ്ടൻസുകളുടെ ആധുനികവൽക്കരണം

102 (74) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ടെലിഫോൺ കോളിലൂടെയോ, ഈ -മെയിലിലൂടെയോ പരിഹരിക്കാവുന്ന ഫയലുകളിലെ വിഷയം സംബന്ധിച്ച സംശയങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

താഴേതട്ടിലുള്ള ഓഫീസുകളിലേക്ക് കത്തയച്ച് മറുപടി വരുവാൻ കാലതാമസം ഉണ്ടായിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് താഴേ തട്ടിൽ ഉള്ള ഓഫീസുകളിൽ നിന്നും നേരിട്ട് സെക്രട്ടേറിയറ്റിൽ ഉടനടി വിവരം ലഭിക്കത്തക്ക വിധം സർക്കുലർ പുറപ്പെടുവിക്കുമോ?

ഉത്തരം

എല്ലാ സർക്കാർ ഓഫീസുകളും ഇന്റർനെറ്റ് വഴി പൂർണ്ണമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യം പൂർണ്ണമായി നടപ്പാക്കാൻ ഇപ്പോൾ കഴിയില്ല. എന്നാൽ കഴിയുന്ന എല്ലാ കാര്യങ്ങളും ഫോൺ മുഖേനയും ഇ-മെയിൽ വഴിയും ഓഫീസുകളുമായി ബന്ധപ്പെടുത്തി സർക്കാർ പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. വീഡിയോ കോൺഫറൻസുകൾ നടത്തുന്നുണ്ട്. താഴെ തട്ടിൽ ഉള്ള ഓഫീസുകളിൽ നിന്നും നേരിട്ട് സെക്രട്ടേറിയറ്റിൽ സന്ദേശം കൈമാറുന്നതിനുള്ള സർക്കുലർ ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

റവന്യൂ കമ്മി

103 (75) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് റവന്യൂ കമ്മി നികത്തുന്നതിലേക്ക് എത്ര കോടി രൂപ അനുവദിച്ചു ; ഇതിനകം നേടിയെടുത്തത് എത്ര;

(ബി) 2015-16 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കപ്പെട്ട റവന്യൂ കമ്മി എത്ര കോടിരൂപയുടേതാണ്; കേന്ദ്രം അനുവദിച്ച തുക എന്തെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചത്;

(സി) ഇന്നത്തെ സ്ഥിതിയിൽ തന്നാണ്ടിലെ റവന്യൂ കമ്മി എത്ര കോടി രൂപ ആയി ഉയരും; ധനകമ്മി എത്ര ആയിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) 2011-12 വർഷം മുതൽ 2015-16 വർഷം വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ കണക്കാക്കിയിരുന്ന റവന്യൂ കമ്മിയും ധനകമ്മിയും പൊതുകടവും അധികവിഭവ സമാഹരണവും മൂലധനചെലവും എത്ര കോടി വീതമായിരുന്നു; എന്നാലിവ ഓരോ വർഷവും എത്ര കോടി വീതമായിരുന്നു; സ്ഥിതി വിവരക്കണക്കുകൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly